പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 50** **12-10-2026-ൽ മറുപടിയ്ക്ക്**

**<u>നോർക്ക മുഖേന പുതിയ സംരംഭകർക്കായുള്ള ധനസഹായ പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. എ. റസാഖ് മാസ്റ്റർ ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

**(എ)** തിരിച്ചെത്തിയ പ്രവാസികൾക്കും പുതിയ സംരംഭകർക്കുമായി നോർക്ക റൂട്ട്സ് (NORKA Roots) അല്ലെങ്കിൽ നിക്സ (NICKSA NORKA Institute of Foreign Languages/NORKA Department Initiatives) മുഖേന ഏതെങ്കിലും പുതിയ സംരംഭകത്വ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

**<u>മറുപടി:</u>** തിരിച്ചെത്തിയ പ്രവാസികളുടെ സാമ്പത്തിക പുനരധിവാസത്തിനായി നോർക്ക റൂട്ട്സ് മുഖേന എൻ.ഡി.പി.ആർ.ഇ.എം (NDPREM-NORKA Department Project for returned Emigrants) പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. കുറഞ്ഞത് രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് തിരികെ എത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി 30 ലക്ഷം രൂപ വരെ വായ്പാ സഹായവും , പദ്ധതി ചെലവിന്റെ 15% മൂലധന സബ്സിഡിയും (പരമാവധി 3 ലക്ഷം രൂപ ), വായ്പ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് ആദ്യ 4 വർഷത്തേക്ക് 3% പലിശ ഇളവും (Interest Subvention) പദ്ധതി പ്രകാരം നിലവിൽ നൽകിവരുന്നുണ്ട്.

**(ബി)** പ്രവാസി സംരംഭകർക്കായി നിലവിലുള്ള എൻ. ഡി. പി. ആർ. ഇ. എം. (നോർക്ക ഡിപ്പാർട്ട്മെന്റ് പ്രൊജക്ട് ഫോർ റിട്ടേൺഡ് എമിഗ്രന്റ്സ്) പോലെയുള്ള വായ്പാ-സബ്സിഡി പദ്ധതികളിലേക്ക് പുത്തൻ സംരംഭകരെ ആകർഷിക്കുന്നതിനായി എന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിലുള്ള വായ്പാ-സബ്സിഡി പദ്ധതികളിലേക്ക് കൂടുതൽ പ്രവാസി സംരംഭകരെ ആകർഷിക്കുന്നതിനായി കാലാനുസൃതമായ മാറ്റങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ എൻ.ഡി.പി.ആർ.ഇ.എം. (NDPREM) പുതിയ കരട് മാർഗ്ഗരേഖ ഭരണാനുമതിക്കായി നോർക്ക റൂട്ട്സ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു.

**(സി)** പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രവാസികൾക്കും തുടക്കക്കാർക്കും സാങ്കേതിക സഹായം, ബിസിനസ് ഗൈഡൻസ്, മൂലധന സബ്സിഡി എന്നിവ ലഭ്യമാക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

**<u>മറുപടി:</u>** പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പ്രവാസികൾക്കും മടങ്ങിയെത്തിയ പ്രവാസികൾക്കും സാങ്കേതിക സഹായം, ബിസിനസ് ഗൈഡൻസ്, പ്രോജക്ട് മാനേജ്മെന്റ് പിന്തുണ എന്നിവ ലഭ്യമാക്കുന്നതിനായി നോർക്ക-റൂട്ട്സിനു കീഴിൽ നോർക്ക ബിസിനസ്സ് ഫെസിലിറ്റേഷൻ

സെന്റർ (NBFC) പ്രവർത്തിച്ചുവരുന്നുണ്ട്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി വിശദമായ പ്രോജക്റ്റ് റിപ്പോർട്ടുകൾ (DPR) തയ്യാറാക്കൽ , സംരംഭകത്വ പരിശീലന പരിപാടികൾ (EDP), K-SWIFT ഉൾപ്പെടെയുള്ള ഏകജാലക അനുമതിക്കായുള്ള ഔദ്യോഗിക മാർഗ്ഗനിർദ്ദേശങ്ങൾ , വിവിധ സർക്കാർ ധനസഹായങ്ങളും വായ്പകളും ലഭ്യമാക്കുന്നതിനുള്ള ഏകോപനം, സംരംഭങ്ങൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകുന്നതിനുള്ള വിദഗ്ദ മെന്റർഷിപ്പ് എന്നിവ ഉൾപ്പെടെയുള്ള സമഗ്രമായ സേവനങ്ങൾ NBFC മുഖേന നൽകിവരുന്നുണ്ട്.

**(ഡി)** കുന്ദമംഗലം മണ്ഡലം ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ മുൻ പ്രവാസികൾക്കും പുതിയ സംരംഭകർക്കും ഈ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി പ്രത്യേക ബോധവത്ക്കരണ ക്യാമ്പുകളോ സംരംഭക സഹായ സെല്ലുകളോ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിലുള്ള മുൻ പ്രവാസികൾക്കും പുതിയ സംരംഭകർക്കും ഈ പദ്ധതികളുടെ പ്രയോജനം ലഭ്യമാക്കുന്നതിനായി നോർക്ക-റൂട്ട്സ്, NBFC, NDPRREM എന്നിവയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പുകളും പരിശീലന പരിപാടികളും ഓറിയന്റേഷൻ പ്രോഗ്രാമുകളും (Awareness Camps, Training & Orientation Programmes) ജില്ലാടിസ്ഥാനത്തിൽ (District-wise) സംഘടിപ്പിച്ചു വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**